**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2455**

**05.11.2019 - ൽ മറുപടിക്ക്.**

## ആലത്തൂർ മണ്ഡലത്തിലെ വ്യവസായ വികസന പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. കെ. ഡി. പ്രസേനൻ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

**മറുപടി**
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ 405 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 41065/- രൂപ ചെലവഴിച്ച് 6 സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ കോളേജ് തലത്തിൽ നടത്തി. 101 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് 2 സംരംഭകത്വ ബോധവൽക്കരണ സെമിനാർ(ജനറൽ) 20,000 രൂപ ചെലവഴിച്ച് നടത്തുകയും ഇവരിൽ 45 പേർ സംരംഭം തുടങ്ങുകയും ചെയ്തു. 151 സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് 3 നിക്ഷേപകസംഗമം നടത്തി. ഇതിനായി 84750/- രൂപ ചെലവഴിച്ചു. 10 പേരെ സംഘടിപ്പിച്ച് സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 83 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സെമിനാർ 45,000/- രൂപ ചെലവഴിച്ച് നടത്തുകയുണ്ടായി. ഇതിലൂടെ പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്ന വിഷയത്തിൽ അവബോധം നൽകാനും കഴിഞ്ഞു.

ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന കണ്ണമ്പ്ര ഗാന്ധി സ്മാരക നിധി എന്ന സ്ഥാപനത്തിന് 4,75,000/- രൂപ ചെലവഴിച്ച് ചർക്ക വാങ്ങി നൽകി. അതിലൂടെ 25 സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. സംരംഭക സഹായ പദ്ധതി പ്രകാരം 22 വ്യവസായ യൂണിറ്റുകൾക്കായി 61,68,852/- രൂപ സബ്സിഡിയായി നൽകി. പി.എം.ഇ.ജി.പി പദ്ധതി മുഖേന 10 യൂണിറ്റുകൾ ആരംഭിച്ചു. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് കുടുംബശ്രീ വനിത (ജനറൽ) വിഭാഗത്തിന് സ്വയം തൊഴിൽ സബ്സിഡിയായി 13 ഗ്രൂപ്പുകൾക്ക് 24.03 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

ജക/24/10/19